**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **11-10-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ ചട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൊതുജനങ്ങൾക്ക് മനസിലാകുന്ന തരത്തിൽ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള പൊതുവായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചട്ടങ്ങളെ സംബന്ധിച്ച വിവിധ തരത്തിലുള്ള വ്യാഖ്യാന സാധ്യത ഒഴിവാക്കി തികച്ചും സുതാര്യമായ രീതിയിൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ് 'കെട്ടിട നിർമ്മാണ ചട്ടങ്ങൾ - സംശയങ്ങളും വസ്തുതകളും' എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇത് പൊതുജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, ലൈസൻസികൾക്കും വളരെ ഉപയോഗപ്രദമായ ഒന്നാണ്. കൂടാതെ, KILA -യുമായി ചേർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |
| (ബി) | പ്ലാൻ വരക്കുന്ന അംഗീകൃത ലൈസൻസികൾക്കും ജനപ്രതിനിധികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്നറിയിക്കാമോ? | (ബി) | കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള പൊതുവായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചട്ടങ്ങളെ സംബന്ധിച്ച വിവിധ തരത്തിലുള്ള വ്യാഖ്യാന സാധ്യത ഒഴിവാക്കി തികച്ചും സുതാര്യമായ രീതിയിൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ് 'കെട്ടിട നിർമ്മാണ ചട്ടങ്ങൾ - സംശയങ്ങളും വസ്തുതകളും' എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇത് പൊതുജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, ലൈസൻസികൾക്കും വളരെ ഉപയോഗപ്രദമായ ഒന്നാണ്. കൂടാതെ, KILA |

| | | | |
|---|---|---|---|
| | | | -യുമായി ചേർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ